**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദകോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കുമ്പോൾ അദ്ധ്യാപകർക്ക് ഉണ്ടാകുന്ന ജോലിഭാരം ക്രമീകരിക്കുന്നതിന് വരുത്താനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ മുഴുവൻ ജോലിഭാരവും സംരക്ഷിച്ചുകൊണ്ടുള്ള നാലുവർഷ കരിക്കുലമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. നാലാം വർഷം (7,8 സെമസ്റ്ററുകൾ) പ്രധാനമായും പ്രോജക്ട് വർക്ക്, ഇന്റേൺഷിപ്പ്, ഇന്റർ ഡിസിപ്ലിനറി കോഴ്സുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി വികസിപ്പിച്ചിട്ടുള്ളതാണ്. ഓൺലൈൻ കോഴ്സ് വഴിയും ക്രെഡിറ്റ് ആർജ്ജിക്കാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കുണ്ട്. ഇവയിൽ നിന്ന് എല്ലാം ചേർത്ത് 44 ക്രെഡിറ്റുകളാണ് നാലാം വർഷം വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ടത്. ഇതിൽ 12 ക്രെഡിറ്റുകൾ മാത്രമാണ് വിദ്യാർത്ഥികൾ അതത് വിഷയങ്ങളിൽ സമ്പാദിക്കേണ്ടത്. |
| (ബി) | പ്രിൻസിപ്പൽമാരുടെയും കോ-ഓർഡിനേറ്റർമാരുടെയും ജോലിഭാരം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | നിലവിലെ വർക്ക് ലോഡ് പാറ്റേണിൽ മാറ്റം വരാത്ത രീതിയിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | നാലുവർഷ കോഴ്സുകൾക്ക് ഇന്റേൺഷിപ്പ് ഏർപ്പെടുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | നാലുവർഷ കോഴ്സുകൾക്ക് ഇന്റേൺഷിപ്പ് ഏർപ്പെടുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെപ്പറയുന്നു :<br>• താല്പര്യമുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു സെമസ്റ്റർ പൂർണ്ണമായും ഇന്റേൺഷിപ്പ്/ പ്രോജക്ട് ചെയ്യാനുള്ള അവസരം ഉണ്ടാകും.<br>• മുഴുവൻ വിദ്യാർത്ഥികൾക്കും 120 മണിക്കൂറിന്റെ (2 ക്രെഡിറ്റ്) നിർബന്ധിത വൊക്കേഷണൽ/ |

| | | | | |
|---|---|---|---|---|
| | | | | തൊഴിൽ പരിശീലനത്തിന്റെ ഭാഗമായുള്ള ഇന്റേൺഷിപ്പ്.<br>• നാലുവർഷ ബിരുദ പ്രോഗ്രാം തെരഞ്ഞെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും സ്ഥാപനങ്ങളിലോ വ്യവസായശാലകളിലോ ഫാക്കൽറ്റികളോടൊപ്പമോ ഗവേഷകരോടൊപ്പമോ 120 മണിക്കൂർ ഇന്റേൺഷിപ്പ് പൂർത്തിയാക്കണം. 2 ക്രെഡിറ്റുകളാണ് ഇന്റേൺഷിപ്പിന് നൽകുന്നത്. പുറത്ത് പ്രോജക്ട് ലഭിച്ചില്ലെങ്കിൽ അധ്യാപകർക്കൊപ്പം ക്യാമ്പസിൽത്തന്നെ അത് പൂർത്തിയാക്കാം. സമ്മർ അവധി കാലത്താണ് ഈ കോഴ്സ് ചെയ്യേണ്ടത്. |

സെക്ഷൻ ഓഫീസർ